## മിത്ര

പുരാതന പേർഷ്യയിലും സൊറാസ്റ്ററുടെ ഇടയിലും മിത്രയുടെ ആരാധനയ്ക്ക് അതിയായ പ്രചാരമുണ്ടായിരുന്നു. ദൈവികമായ ബന്ധം, മൈത്രി, സംയോജനം എന്നിങ്ങനെയുള്ള ഗുണങ്ങളുടെ മൂർത്തീകരണമാണ് മിത്ര എന്ന ദൈവം. പ്രപഞ്ചത്തിന്റെ താളം, സത്യം, നീതി, പ്രപഞ്ചത്തിന്റെ വെളിച്ചം എന്നിവയുടെയെല്ലാം ഉറവിടമാണ് മിത്ര.

ഇന്ത്യൻ വേദസാഹിത്യത്തിൽ മിത്രയെ കാണുന്നത് ഇന്ദ്രന്റെയും വരുണന്റെയും അശ്വനീദേവകളുടെയും കൂടെയാണ്. പ്രാർത്ഥനയും ബലിയും അർപ്പിക്കപ്പെടുവാൻ യോഗ്യനായവൻ എന്നാണ് അഹൂറ-മാസ്ദ എന്ന സർവസൃഷ്ടാവ് മിത്രയെ വിശേഷിപ്പിക്കുന്നത്.

സൊറാസ്റ്ററുടെ മതത്തിലെ വിശ്വാസപ്രകാരം അഹൂറ-മാസ്ദയും മിത്രയും തുല്യസ്ഥാനമുള്ള പരമോന്നതദൈവങ്ങളാണ്. മിത്രയും അഹൂറ-മാസ്ദയും യോജിച്ചു ചെയ്യുന്ന കാര്യങ്ങൾ അനവധിയാണ്: പ്രപഞ്ചപരിപാലനം, ആത്മാക്കളുടെ വിധി കൽപ്പിക്കൽ, തിന്മയുടെ നിർമ്മാർജ്ജനം, ഭൂമിയുടെ സൃഷ്ടി, നീതിമാന്മാരെ പൈശാചികശക്തികളിൽ നിന്നും രക്ഷിക്കൽ, സമ്പത്ത് വർദ്ധിപ്പിക്കൽ, ഫലവൃക്ഷങ്ങളുടെയും വിത്തുകളുടെയും സംരക്ഷണം, ആത്മാക്കളെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകൽ, അന്ധകാരത്തോടും ദുഷ്ടതയോടുമുള്ള പോരാട്ടം.

നാനാവശത്തേക്കും പ്രകാശം പ്രചരിപ്പിക്കുന്ന സൂര്യൻ ശിരസ്സിനു പരിവേഷം ചാർത്തുന്ന രൂപത്തിലാണ് മിത്രയെ ചിത്രീകരിച്ചിരിക്കുന്നത്. സർവശക്തനായ അഹൂറ-മാസ്ദയുടെ അവതാരമാണ് മിത്ര എന്നും മിത്ര എന്ന സർവശക്തന്റെ അവതാരമാണ് അഹൂറ-മാസ്ദ എന്നും വിശ്വാസികൾ കരുതുന്നു. അതായത് പിതാവും പുത്രനും ഒന്നാകുന്നു എന്ന വിശ്വാസം. ഇന്ത്യ, മെഡിറ്ററേനിയൻ പ്രദേശങ്ങൾ, പേർഷ്യ, ഏഷ്യാ മൈനർ, റോമാസാമ്രാജ്യം എന്നിങ്ങനെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ മിത്രയുടെ ആരാധന നിലനിന്നിരുന്നു.

അമലോത്ഭവയും നിത്യകന്യകയുമായ നിത്യഅനന്തതയുടെ മൂർത്തീകരണമായ അനഹിതയിൽനിന്നാണ് മിത്ര ജന്മമെടുക്കുന്നത്. പേർഷ്യൻ വിശ്വാസത്തിലെ പിതാവും പുത്രനും (അഹൂറ-മാസ്ദയും മിത്രയും) പുത്രനു ജന്മം നൽകിയ നിത്യകന്യകയും സൊറാസ്റ്ററുടെ വിശ്വാസത്തിൽ കാണുന്ന ചിറകു വിരിച്ച ദൈവവും ചേർന്ന് പിതാവ്, പുത്രൻ, പരിശുദ്ധറൂഹ, പുത്രന്റെ അമ്മ ദൈവമാതാവ് എന്നീ ക്രിസ്ത്യൻ ദേവഗണത്തിന് രൂപം നൽകി. പൂർണ്ണസൂര്യനെ പ്രതിനിധീകരിക്കുന്ന മിത്ര ജനിച്ചത് ഗുഹയിലാണ്. പുതിയ നിയമത്തിലെ ദൈവപുത്രന്റെ ജനനകഥയിൽ പുത്രൻ ജനിക്കുന്നതും ഗുഹയിലാണ്. സുവിശേഷകർ പുരാണങ്ങൾ അതേപടി പകർത്തിയിരി

ക്കുകയാണിവിടെ.

ഋഗ്വേദത്തിൽ മിത്രയേയും വരുണനേയും ആദിത്യദൈവങ്ങളുടെ ഗണത്തിൽ കീർത്തിക്കുന്നു. ഋഗ്വേദത്തിലെ കീർത്തനങ്ങൾ മിത്രയേയും വരുണനേയും ഒരേപോലെ സ്തുതിക്കുന്നു. വരുണനെ കൂടാതെ മിത്രയെ മാത്രം സ്തുതിക്കുന്ന ഭാഗം തീർത്തും ശുഷ്കമാണ്. മിത്രയും വരുണനും പ്രകാശത്തിന്റെ ഉറവിടങ്ങളാണ്. അവർ തന്നെയാണ് പ്രപഞ്ചത്തിന്റെ ക്രമവും താളവും പരിപാലിക്കുന്നതും.

ഭൂമിയിലെ ജീവന്റെ കാരണഹേതുവായ സൂര്യന്റെ ഉറവിടവും മിത്രയാണ്. സൂര്യനമസ്കാരം മിത്രാരാധനയുടെ ഭാഗം തന്നെയാണ്. പുരാതനകാലം മുതൽക്കേ വളരെ വ്യാപകമായി നിലനിന്നിരുന്ന ഒന്നാണ് സൂര്യനമസ്കാരം.

ശീതകാലത്തിനുശേഷംവരുന്ന ഉത്തരായനകാലത്ത് (Winter Solstic) പകലിന്റെ ദൈർഘ്യം കൂടുന്നതിനെ സൂര്യന്റെ ജന്മവും വളർച്ചയുമായിട്ട് ബന്ധപ്പെടുത്തി വിശ്വസിച്ചിരുന്നു. മിത്രദൈവത്തിന്റെ ജനനത്തിന്റെ പ്രതീകമാണ് ഇത്. ഡിസംബർ 25-നോടുകൂടി ഉത്തരധ്രുവത്തിൽ സൂര്യൻ ശക്തി പ്രാപിക്കുന്നു. മിത്ര ദൈവത്തിന്റെ പ്രതീകമായ സൂര്യന്റെ ജനനം ഇപ്രകാരം ഘോഷിച്ചിരുന്നു. ഇലകൾ കൊണ്ടുണ്ടാക്കിയ കൂടാരങ്ങളിൽനിന്നും അർദ്ധരാത്രിയിൽ കത്തിച്ച തീനാളങ്ങളുമായി ആരാധകർ ഘോഷത്തോടെ പുറത്തേക്കു വരുന്നു. 'അമ്മദൈവം സൂര്യനെ പ്രസവിച്ചു' എന്ന് ആർത്തട്ടഹസിച്ച് അവർ നൃത്തമാടുന്നു.

ആദിമക്രിസ്തുമതം, യേശുദൈവത്തിന്റെ ജനനം ഘോഷിച്ചിരുന്നത് മാർച്ച് മാസത്തിലായിരുന്നു. യേശുവിന്റെ ജനനകാലത്തെക്കുറിച്ച് കൃത്യമായ അറിവില്ലായിരുന്നതിനാൽ പറയത്തക്ക പ്രാധാന്യവും യേശുവിന്റെ ജന്മദിനത്തിനുണ്ടായിരുന്നില്ല. യഹൂദർ അല്ലാത്തവർ എല്ലാം പുറജാതികളായാണ് അറിയപ്പെട്ടിരുന്നത്. പുറജാതികൾ ക്രിസ്തുമതത്തിൽ ചേർക്കപ്പെട്ടപ്പോൾ അവരുടെ ആചാരാനുഷ്ഠാനങ്ങളും അവരോടൊപ്പം ഇങ്ങോട്ടു പകർത്തുകയുണ്ടായി. അതുകൊണ്ടു തന്നെ മിത്രദൈവത്തിന്റെ ജനനം പഴയപടി ആചരിച്ചു പോരുകയാണുണ്ടായത്.

യഹൂദർക്കും യഹൂദരിൽനിന്നും രൂപംപ്രാപിച്ച ക്രിസ്തുമതവിഭാഗത്തിനും മാത്രമേ ഒരു പ്രത്യേകദൈവത്തെ മാത്രമേ ആരാധിക്കാവു എന്ന ശാഠ്യം ഉണ്ടായിരുന്നുള്ളു. ദൈവചിന്ത ഉണ്ടായിരിക്കുന്നതിനു വേണ്ടി ഏതെങ്കിലും ഒരു ദൈവത്തെ ആരാധിക്കണം എന്നൊരു നിർബന്ധം മാത്രമേ മറ്റുള്ള ദൈവവിശ്വാസികൾക്കുണ്ടായിരുന്നുള്ളു. അതിനാൽ പുറജാതി ക്രിസ്ത്യാനികളുടെ ഇടയിൽ സൂര്യനെ ആരാധിക്കുന്ന രീതി ശക്തമായി തന്നെ തുടർന്നിരുന്നു. മറ്റു ദൈവങ്ങളെ ആരാധിക്കാൻ പാടില്ല എന്നു

കർക്കശമായി തന്നെ നിർബന്ധിച്ചിരുന്ന ദൈവമായിരുന്നു യഹൂദന്റെ യഹോവ. യഹോവയുടെ അസൂയയാണിതെന്നു തോന്നുമെങ്കിലും യഥാർത്ഥത്തിൽ ദൈവത്തിന്റെ പേരിൽ കാലക്ഷേപം നടത്തിയിരുന്നവരുടെ ആവശ്യമായിരുന്നു അത്.

അതിനാൽ കൗശലക്കാരായിരുന്ന ആദിമസഭാപിതാക്കന്മാർ യേശു എന്ന നീതിയിൻ സൂര്യന്റെ ജനനം സൂര്യന്റെ ജന്മദിനത്തോട് ചേർത്ത് ആഘോഷിക്കുവാൻ വിശ്വാസികളെ പ്രേരിപ്പിക്കുകയും ക്രമേണ സൂര്യദൈവ(Sun God)ത്തിന്റെ ജനനദിവസം പുത്രനാം ദൈവ(Son God)ത്തിന്റെ ജന്മദിനമായി മാറ്റുകയും ചെയ്തു. കൽഗുഹയിൽ ജനിച്ച മിത്ര എന്ന സൂര്യനാം ദൈവം കൽഗുഹയിൽ ജനിച്ച യേശുദൈവവുമായി മാറി.

മിത്രദൈവത്തിന്റെ ആരാധനയുടെ മറ്റൊരു രൂപമായിരുന്നു മാനിക്കനിസം. പേർഷ്യൻ പ്രദേശങ്ങളിൽ മാനിക്കനിസത്തിൽ മിത്രയെ ആരാധിക്കുന്നത് ജീവിക്കുന്ന ആത്മാവ്, രക്ഷകൻ, സന്ദേശവാഹകൻ എന്നീ വിശേഷണങ്ങളിലാണ്. യേശു സംസാരിച്ച അരാമയിക് ഭാഷയിൽ മിത്ര എന്ന വാക്കിന് റൂഹ എന്നർത്ഥം കൽപ്പിച്ചിരുന്നു.

പിതാവ്, പുത്രൻ, റൂഹ, ദൈവത്തിന്റെ മാതാവ് എന്നിങ്ങനെയുള്ള ക്രിസ്ത്യൻ വിശ്വാസഘടന രൂപംകൊള്ളാൻ ആവശ്യമായ എല്ലാ ചേരുവകളും മിത്ര എന്ന ദൈവത്തിന്റെ വിശ്വാസത്തിൽ നിലനിന്നിരുന്നു. പഴയനിയമത്തിലെ ഒറ്റയാൻ ദൈവം ക്രിസ്തുമതത്തിലെ ബഹുദൈവമായി പരിണാമം പ്രാപിച്ചതിന്റെ ഒരു കാരണം മിത്രവിശ്വാസത്തിന്റെ തുടർച്ചയാണ്.

റോമൻ സാമ്രാജ്യം വളർന്നുപടർന്നതോടെ മിത്രയുടെ ആരാധനയും വ്യാപകമായി റോമൻ ഭരണപ്രദേശങ്ങളിൽ പ്രചരിച്ചു. റോമൻ പടയാളികളുടെ പ്രിയങ്കരനായ ദൈവവും മിത്ര ആയിരുന്നു. പ്രത്യേകനിബന്ധനകൾക്കു വിധേയമായും പരിശീലനത്തിനുശേഷവും അംഗത്വം ലഭിച്ചവർ മാത്രം സംബന്ധിക്കുന്ന 'രഹസ്യങ്ങളുടെ കൂദാശ' എന്നറിയപ്പെട്ടിരുന്ന ആരാധനയായിരുന്നു മിത്രയുടെ ആരാധന. ദിവ്യകാളക്കൂറ്റനെ അറത്തുകൊല്ലുന്ന മിത്രദൈവം റോമൻ പടയാളികളുടെ ഉത്തേജനമായിരുന്നു. മരണത്തിനുശേഷം പൂർണ്ണശരീരത്തോടെ പുനർജനിക്കും എന്ന് മിത്രവിശ്വാസം പഠിപ്പിക്കുന്നു.

സ്വർഗ്ഗസ്ഥനായ മിത്രദൈവം ഭൂമിയിലേക്കിറങ്ങിവന്ന് മരിച്ചവരെ ഉയർപ്പിക്കുകയും നീതിമാന്മാരേയും ദുഷ്ടന്മാരേയും വേർതിരിക്കുകയും ചെയ്യുമെന്നും ദിവ്യകാളക്കൂറ്റനെ അറത്ത് അതിന്റെ മേദസ്സ് വാഴ്ത്തിയ വീഞ്ഞിൽ കലക്കി നീതിമാന്മാർക്കു നൽകി അവരെ നിത്യമായ ആനന്ദത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുമെന്നുമുള്ള മിത്രവിശ്വാസം അതേപടി ക്രസ്തുമതവും സ്വീകരിച്ചിരിക്കുന്നു. മിത്രവിശ്വാസികളുടെ രഹസ്യങ്ങളുടെ കൂദാശ

കളും അതേപടി ക്രിസ്തുമതത്തിൽ കയറിപ്പറ്റി.

മിത്രയുടെ ആരാധന ക്രിസ്തുമതത്തിന്റെ ഏറ്റവും വലിയ ഭീഷണിയായി മാറി. അതിനാൽ നാലാം നൂറ്റാണ്ടിൽ മിത്രയുടെ ആരാധന നിരോധിക്കപ്പെട്ടു. എന്നാൽ മിത്രയുടെ ആരാധനയുടെ ഭാഗമായിരുന്ന കുർബ്ബാന, മാമോദിസ, നെറ്റിയിൽ കുരിശടയാളം വരയ്ക്കൽ എന്നിവ ആവശ്യമായ മിനുക്കുപണികളോടെ ക്രിസ്തുമതം സ്വീകരിച്ചു. രക്ഷകനും പാപവിമോചകനും അന്തിമന്യായവിധിയിലെ ന്യായാധിപനുമായ മിത്ര ക്രിസ്തുമതത്തിന്റെ ക്രിസ്തുവായി മാറി. മിത്ര മതത്തിന്റെ ആചാരങ്ങളായ ഞായറാഴ്ച വിശുദ്ധദിവസമായി കൊണ്ടാടുന്നതും ഡിസംബർ 25 രക്ഷകന്റെ ജന്മദിനമായി ആഘോഷിക്കുന്നതും ക്രിസ്തുമതം അതേപടി സ്വീകരിച്ചു.

യഹൂദമതത്തിന്റെ വിധിപ്രകാരം ഏഴാം ദിവസമായ ശനിയാഴ്ചയാണ് വിശുദ്ധദിവസം. അതാണ് യഹൂദന്റെ ശാബദ്. ഇതനുസരിച്ച് യഹൂദമതത്തിൽനിന്നും രൂപംകൊണ്ട ക്രിസ്തുമതത്തിന്റെ ശാബദും ശനിയാഴ്ച ആവേണ്ടതായിരുന്നു. എന്നാൽ ശനിയാഴ്ചയ്ക്കുപകരം ഞായറാഴ്ച വിശുദ്ധദിവസമായി ക്രിസ്തുമതം ആചരിക്കുവാനുള്ള കാരണം മിത്രദൈവത്തിന്റെ ആരാധനയുടെ തുടർച്ചയാണ്.

മത്തായിയുടെ സുവിശേഷത്തിലെ യേശു ജനിക്കുന്നത് ഏതോ വീട്ടിലാണ് (മത്തായി 2:11). എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിലാകട്ടെ കാലിത്തൊഴുത്തിലാണ് യേശു ജനിക്കുന്നത് (ലൂക്കോസ് 2:7,16). പലസ്തീൻ പ്രദേശങ്ങളിൽ വളർത്തുമൃഗങ്ങളെ വന്യമൃഗങ്ങളിൽനിന്നും രക്ഷിക്കുവാൻ ഗുഹകൾ ഉപയോഗിച്ചിരുന്നു. മിത്രദൈവം ജനിച്ചത് ഗുഹയിൽ ആയതിനാൽ യേശുദൈവവും ഗുഹയിൽ ജനിച്ചു. ഇത് ചരിത്രമല്ല, മിത്രയുടെ പുരാണം അതേപടി യേശുവിന്റെ പുരാണമാക്കി മാറ്റിയിരിക്കുകയാണ്.

ലൂക്കോസിന്റെ സുവിശേഷത്തിൽ യേശു ജനിക്കുന്നകാലത്ത് റോമാസാമ്രാജ്യത്തിൽ ജനസംഖ്യാപുസ്തകത്തിൽ ജനങ്ങളുടെയെല്ലാം പേര് ചാർത്തൽ നടക്കുന്നുണ്ട്. പട്ടണം മുഴുവൻ ജനങ്ങളാൽ തിങ്ങിനിറഞ്ഞിരുന്നു. ഇടയന്മാരും അവിടെ വെളിയിൽ ഉണ്ടായിരുന്നു. ദൂതനും സ്വർഗ്ഗീയ സൈന്യവും കാഹളനാദത്തോടെ ദൈവത്തെ പുകഴ്ത്തി. ഇടയന്മാർ യേശുവിനെ ചെന്നുകാണുന്നു. ഇടയന്മാർക്കുണ്ടായ ദർശനം അറിഞ്ഞ് എല്ലാവരും ആശ്ചര്യപ്പെടുന്നു. ശുദ്ധീകരണകാലം കഴിഞ്ഞപ്പോൾ (60 ദിവസം) മറിയയും യൗസേഫും യേശുവിനെ ദേവാലയത്തിൽ കൊണ്ടുപോകുന്നു. (ദൈവത്തിന്റെ പുത്രനെ വീണ്ടും കർത്താവിന് സമർപ്പിക്കുന്നു എന്ന വൈരുദ്ധ്യമാണിവിടെ നടക്കുന്നത്). യേശുവിനെ കണ്ടതോടെ ശീമോനും ഹന്നായും ദേവാലയത്തിൽ രക്ഷകനായ മശിഹായെ കണ്ട് സായൂജ്യമടയുന്നു. യേശു അത്യുന്നതന്റെ പുത്രനാണെന്ന് മറിയയ്ക്കും യൗസേഫിനും അറിവുണ്ടായിരുന്നെങ്കിലും ഇതെല്ലാം കേട്ട് അവർ ആശ്ചര്യപ്പെടു

ന്നു. ശേഷകാലം ഗലീലയിലെ നസറേത്തിലേക്ക് മടങ്ങിപ്പോയി പാർക്കുന്നു (ലൂക്കോസിന്റെ സുവിശേഷം രണ്ടാം അദ്ധ്യായം).

എന്നാൽ, ഇതിൽനിന്നും വ്യത്യസ്തമാണ് മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ ജനനവും ബാല്യകാലവും (മത്തായി രണ്ടാം അദ്ധ്യായം). യേശുവിനെ കൊല്ലുവാൻ ഹെരോദാവിന് യഥാർത്ഥത്തിൽ ഉദ്ദേശമുണ്ടായിരുന്നെങ്കിൽ അത് നടപ്പാക്കാൻ ധാരാളം അവസരങ്ങളുണ്ടായിരുന്നെന്ന് ലൂക്കോസിന്റെ സുവിശേഷം സാക്ഷിക്കുന്നു. മത്തായി സുവിശേഷം എഴുതിയതിനുശേഷമാണ് ലൂക്കോസിന്റെ സുവിശേഷം എഴുതപ്പെട്ടത്. ആദ്യം മുതൽ സൂക്ഷ്മമായി പരിശോധിച്ച ശേഷം മത്തായി പറയുന്ന കഥ കള്ളമാണ് എന്നു ലൂക്കോസ് സാക്ഷിക്കുന്നു (ലൂക്കോസ് 1:1–4). അതല്ല, മത്തായി പറയുന്നതും സത്യമാണെങ്കിൽ വ്യത്യസ്ഥരായ രണ്ട് വ്യക്തികളെയാണ് ഈ രണ്ട് സുവിശേഷകരും ചിത്രീകരിച്ചിരിക്കുന്നത് എന്നുവേണം അനുമാനിക്കാൻ. മറ്റൊരു സാധ്യതയുള്ളത്, യേശു ഒരു ചരിത്രസത്യമല്ലെന്നും പുരാണങ്ങളിൽനിന്നു രൂപംകൊണ്ട ഒരു കഥാപാത്രം മാത്രമാണ് എന്ന് അനുമാനിക്കുകയെന്നതുമാണ്. അതായത്, മിത്രദൈവത്തിന്റെ പുരാണം മിത്രയുടെ ആരാധകർ ക്രിസ്ത്യാനികൾ ആയതോടെ കൂടെ കൊണ്ടുപോന്നു. ഇതാണ് ലൂക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന പുൽത്തൊട്ടിയിലെ പൈതൽ.